**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2991 — **28.01.2014** ൽ മറുപടിക്ക്

വില്ലേജ് ഓഫീസുകളുടെ നവീകരണം

| **ചോദ്യം**<br>ശ്രീമതി. പി.അയിഷാ പോറ്റി | **ഉത്തരം**<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) **വില്ലേജ് ആഫീസിലെ രേഖകൾ പ്രതി വർഷം പരിശോധിക്കുന്നതിന് വകുപ്പ് തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നടപടി എന്തെല്ലാമാണ്; വിശദമാക്കാമോ;** | (എ) വില്ലേജ് ഓഫീസ് പരിശോധനയ്ക്കായി ഓരോ സാമ്പത്തിക വർഷവും ജില്ലാകളക്ടർമാർ ചുമതലപ്പെടുത്തുന്ന ജമാബന്തി ഉദ്യോഗസ്ഥർ വില്ലേജ് ഓഫീസുകളിൽ പരിശോധന നടത്തുകയും ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (ബി) **വില്ലേജ് ആഫീസുകളിലെ രജിസ്റ്ററുകളും റെക്കോർഡുകളും ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;** | (ബി) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം പ്രധാനമായും കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കാർഡ്സ് മോഡേണൈസേഷൻ (എൻ.എൽ.ആർ.എം.പി) പ്രകാരവും, ഇ-ഡിസ്ട്രിക് പദ്ധതി പ്രകാരവുമാണ് നടന്നു വരുന്നത്. പ്രസ്തുത പദ്ധതികൾ പ്രകാരം വില്ലേജുകളിലെ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർ വൽക്കരണവും 23 ഇനം സർട്ടിഫിക്കറ്റുകളുടെ വിതരണവും ഇപ്പോൾ നടന്നു വരുന്നു. കേരളത്തിലെ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയായ 573 വില്ലേജുകളിലാണ് ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ നടന്നു വരുന്നത്. ഇ-ഡിസ്ട്രിക് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ വില്ലേജ് ഓഫീസുകളിൽ ലാപ്ടോപ്പ്, ഇന്റർനെറ്റ് കണക്ഷൻ എന്നിവയുൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. റെലിസ് പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതോടുകൂടി ഒരാളുടെ ഭൂമി സംബന്ധമായ വിവരങ്ങളെല്ലാം തന്നെ ഡിജിറ്റൽ രൂപത്തിലും ലഭ്യമാകുന്നതാണ്. കൂടാതെ, ഇ-ഡിസ്ട്രിക് പദ്ധതി വഴി ലഭ്യമാകുന്ന വിവരങ്ങളും ഡിജിറ്റൽ രൂപത്തിൽ ശേഖരിച്ചു സൂക്ഷിക്കുന്നതിനുള്ള സംവിധാനവും ഉണ്ട്. |

(സി) **വില്ലേജ് ആഫീസുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു; വിശദമാക്കാമോ?**

(സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനികരീതിയിലും (modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടി 'സ്മാർട്ട്' വില്ലേജ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 വില്ലേജ് ഓഫീസുകളെ SMART വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് M/s ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി 1,40,00,000/- രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജാഫീസുകളായി മാറ്റുന്നതിനായി ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണർ, ജില്ലാ ഐ.റ്റി.സെൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ